**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5851** **16-03-2023 - ൽ മറുപടിയ്ക്ക്**

**എ.ആർ.ഡി. 171 നമ്പർ റേഷൻ കടയുടെ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ താലൂക്കിൽ ശ്രീമൂലനഗരം പഞ്ചായത്തിൽ എടനാട് എ.ആർ.ഡി. 171 നമ്പർ റേഷൻ കടയുടെ ലൈസൻസ് നിലനിർത്തി നൽകണമെന്ന് ആഷിഖ് അയ്യൂബ്ഖാൻ 02.07.2022 തീയതി വകുപ്പ് മന്ത്രിയ്ക്ക് നൽകിയ അപേക്ഷയിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രീ.ആഷിഖ് അയ്യൂബ്ഖാൻ നൽകിയ അപേക്ഷ പരിശോധിച്ചതിൽ, പ്രസ്തുത കടയുടെ ലൈസൻസിന് പട്ടികജാതി വിഭാഗത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന വിവരം അപേക്ഷകനെ ജില്ലാ സപ്ലൈ ഓഫീസർ 30.07.2022ൽ അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷയിൽ അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ തീരുമാനം എന്താണെന്ന് അറിയിക്കാമോ; | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |
| (സി) | ഈ വിഷയത്തിൽ അപേക്ഷകന് മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

ജില്ലാ സപ്ലൈ ആഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്
പിൻ-682030, ☎ - 2422251, 2423359
www.civilsupplieskerala.gov.in, ✉ - dsoekm@yahoo.in

DSOEKM/82/2022-CS2

തീയതി- 30-07-2022

ആഷിഖ് അയ്യൂബ്ഖാൻ,
നടുവിൽ ഹൗസ് , നായത്തോട് .പി.ഒ.
അങ്കമാലി-683572.

വിഷയം :- പൊ.വി -ആലുവ താലൂക്ക്-ARD-171 ന്റെ ലൈസൻസ് തിരികെ നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 1. താങ്കളുടെ 02.07.22 .ലെ അപേക്ഷ.
2. 06.06.2022 ലെ DSOEKM/319/2022-CS2 നം. പരസ്യവിജ്ഞാപനം.

ആലുവ താലൂക്കിലെ ARD-171 സൂചന (2) പ്രകാരം പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള റേഷൻ ഡിപ്പോയാണ്.ആയതിനാൽ താങ്കളുടെ അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by Jayasree. B
Date: 30-07-2022 15:41:46
ജില്ലാ സപ്ലൈ ഓഫീസർ

പകർപ്പ് : താലൂക്ക് സപ്ലൈ ഓഫീസർ,
ആലുവ.

This is an E-Office Document, does not require Signature in ink